LIBRARY ARCHIVES Kerala Legislative Assembly

ജപ്പാൻ കുടിവെള്ള പദ്ധതി

80 [1017] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരം സംസ്ഥാനത്തെ എത്ര ലക്ഷം ഉപഭോക്താക്കൾക്ക് കുടിവെള്ളം എത്തിക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്; ഇതിനായി എന്തു തുക വകയിരുത്തിയിരിക്കുന്നു; ഏതെല്ലാം ജില്ലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;

(ബി) ഈ പദ്ധതിക്കായി നാളിതുവരെ എന്തു തുക സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതിക്കായി ഏതെല്ലാം ഏജൻസികൾക്കാണ് കൺസൾട്ടൻസി നൽകിയിട്ടുള്ളതെന്നും കൺസൾട്ടൻസി ഫീസ് എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരം ഏകദേശം 41 ലക്ഷം ഉപഭോക്താക്കൾക്ക് കുടിവെള്ളം എത്തിക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 1787.45 കോടി രൂപയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ചു ജില്ലകളിലാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്നത്.

(ബി) ഈ പദ്ധതിക്കായി നാളിതുവരെ 20.62 കോടി രൂപ ജെ. ബി. ഐ. സി. യിൽനിന്നും വായ്പയായി ലഭിക്കുകയും അത് മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടൻസ് കമ്പനി ലിമിറ്റഡ്, ജപ്പാൻ എന്ന കമ്പനി മുഖ്യ പാർട്ണർ ആയ ടി. ഇ. സി. കൺസോർഷ്യത്തെയാണ് നിയമിച്ചിട്ടുള്ളത്. കരാർ പ്രകാരം നികുതികളില്ലാതെ 102.03 കോടി രൂപയാണ് കൺസൾട്ടൻസി ഫീസായി അംഗീകരിച്ചിട്ടുള്ളത്. നികുതികൾ ഉൾപ്പെടെ ഇത് 121.53 കോടി രൂപയാണ്.

വിഴിഞ്ഞം ശുദ്ധജല വിതരണ പദ്ധതി

81[1018] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പഞ്ചായത്തിലെ തീരപ്രദേശത്ത് ശുദ്ധജല വിതരണം നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റി ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) തീരപ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന്റെ സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത സ്കീമിന് അംഗീകാരം നൽകി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വെള്ളായണി കായലിൽ വെൽ-കം-പമ്പ് ഹൗസ്, ഇൻഫിൽട്രേഷൻ ഗ്യാലറി എന്നിവയുടെ പണികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കിണറിൽനിന്നും വെള്ളം പമ്പുചെയ്ത് വിഴിഞ്ഞത്ത് പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഉപരിതല സംഭരണിയിൽ എത്തിച്ച് ജലവിതരണം നടത്തുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഉള്ളൂർ-ആക്കുളം-ചെറുവയ്ക്കൽ-കട്ടേല പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് നടപടി

82 [1019] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനമേഖലയിലെ ഉള്ളൂർ-ആക്കുളം-ചെറുവയ്ക്കൽ-കട്ടേല പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന തിരുവനന്തപുരം നോർത്ത് എം. എൽ. എ. യുടെ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ആക്കുളം ടൂറിസം മേഖലകളും, കട്ടേല അംബേദ്കർ കോളനി, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ചെറുവയ്ക്കൽ എന്നീ പ്രദേശങ്ങളുമായി തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ശുദ്ധജല പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരപ്രദേശം പദ്ധതിയിലുൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള കത്ത് കേരള വാട്ടർ അതോറിറ്റി തീരപ്രദേശം സ്പെഷ്യൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly